


# S H C G H S S
# CHALAKUDY

## മാസ്റ്റർ പ്ലാൻ 2024-2027

# പ്രാഥമിക വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എസ്.എച്ച്.സി.ജി.എച്ച്.എസ്. ചാലക്കുടി |
| വിദ്യാലയം സ്ഥാപിച്ച വർഷം | : | 1925 |
| വിദ്യാലയ മാനേജ്മെന്റിന്റെ സ്വാഭാവം | : | എയിഡഡ് |
| വിദ്യാഭ്യാസ ജില്ല | : | ഇരിങ്ങാലക്കുട |
| സ്കൂൾ കോഡ് | : | 23008 |
| സ്കൂൾ Mail Id | : | shcghsschalakudy@gmail.com |
| സബ് ജില്ല | : | ചാലക്കുടി |
| റവന്യു ജില്ല | : | തൃശ്ശൂർ |
| താലൂക്ക് | : | മുകുന്ദപുരം |
| മുനിസിപ്പാലിറ്റി | : | ചാലക്കുടി |
| ബ്ലോക്ക് | : | ചാലക്കുടി |
| ബി.ആർ.സി. | : | ചാലക്കുടി |
| വിദ്യാലയ സ്ഥലം | : | സ്വന്തം |
| വിദ്യലയത്തിലെ ഉയർന്ന ക്ലാസ്സ് | : | പത്ത് |
| വിദ്യാലയത്തിലെ താഴ്ന്ന ക്ലാസ്സ് | : | അഞ്ച് |

# ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- സ്കൂൾ ചരിത്രം
- വിദ്യാലയ സമഗ്ര വികസന കാഴ്ചപ്പാട്
- വിദ്യാലയം മികവിന്റെ കേന്ദ്രം
- പദ്ധതി രൂപീകരണം
- വിദ്യാലയത്തിന്റെ ഭൗതീകാന്തരീക്ഷം
- പ്രതീക്ഷിത നേട്ടങ്ങൾ അക്കാദമികം, ഭൗതീകം, സാമൂഹികം
- മോണിറ്ററിംഗ്
- സന്തോഷ വിദ്യാലയം
- ഉപസംഹാരം

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടുനയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹ നിമിതിയ്ക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപന ചെയ്യേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കേണ്ടതാണ്. പലവിദ്യാലയങ്ങളും മാസ്റ്റർ പ്ലാനുകൾക്കനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. നവ കേരള സൃഷ്ടിക്ക് തയ്യാറെടുക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഇത്തരം നേട്ടങ്ങൾ നാഴികക്കല്ലുകളാണ്.

വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയ സമൂഹവും അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

ശിശുസൗഹൃദമായ വിദ്യാഭ്യാസ കാഴ്ചപ്പാടുകളാണ് നാം മുന്നോട്ട് വയ്ക്കുന്നത്. ക്ലാസ്റൂം പ്രവർത്തനങ്ങൾ വിദ്യാർത്ഥി കേന്ദ്രീകൃതവും പ്രക്രിയാബന്ധിതവുമായിരിക്കണം. സ്വതന്ത്രചിന്താഗതി വളർത്തുന്നതും വിമർശനാത്മക വിശകലനത്തിന് പര്യാപത്മാകുന്നതുമായ ചിന്താശേഷി വളർത്തുന്ന രീതിയിൽ നമ്മുടെ ക്ലാസ്റൂം പ്രവർത്തനങ്ങൾ ക്രമീകരിക്കപ്പെടേണ്ടതുണ്ട്. മാറി വരുന്ന ലോകക്രമങ്ങളെ ശാസ്ത്രബോധത്തിൻ ഊന്നികൊണ്ട് പരിശോധിക്കാൻ പഠിതാക്കൾ പ്രാപ്തരാകേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് നമ്മൾ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

അധികാരികളുടെയും വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും സംയോജിതമായ ഇടപെടലിലൂടെ ഈ പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയും. SHCGHSS സ്കൂളിന്റെ 2023-27 അധ്യായനവർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ പൊതുസമൂഹത്തിന് മുന്നിൽ അഭിമാനത്തോടെ സമർപ്പിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2023-27

## ലക്ഷ്യങ്ങൾ

- അക്കാദമിക മികവിനു ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് തികച്ചും സൗജന്യമായ വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുക.
- അധ്യാപനവും, അധ്യായനവും സർഗാത്മകവും രസകരവും ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ക്ലാസടിസ്ഥാനത്തിലും, വിഷയാടിസ്ഥാനത്തിനും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയ ബന്ധിതമായി നടപ്പാക്കാനുള്ള പ്രവർത്തന കലണ്ടറും തയ്യാറാക്കുക.
- വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
- ഓരോ അധ്യാപകരും ആധുനിക സങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും അതിനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണങ്ങൾ ചെയ്യുകയും വേണം.
- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കി മാറ്റണം.
- എല്ലാ ക്ലാസ്മുറികളും Smart Class ആയി മാറ്റണം.
- പഠന പിന്തുണാ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം ഒരുപോലെ എല്ലാ വിദ്യാർത്ഥികൾക്കും പ്രാപ്തമാക്കി മാറ്റണം.
- ഓരോ പഠനവിഷയവുമായി ബന്ധപ്പെട്ട ശേഷി വികസിപ്പിക്കുന്നതിനായി ഒരേ പഠനക്ലാസുമായി ചേർത്ത് പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ഏറ്റവും മികച്ച ലബോറട്ടറി നടപ്പിലാക്കുക.
- ശാസ്ത്ര, ഗണിത ശാസ്ത്ര SS, IT etc. പ്രവൃത്തി പരിചയ മേളകളിൽ കൂടുതൽ കുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക.
- കുട്ടികളുടെ കലാ-സാംസ്കാരിക, സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനും, പ്രകടിപ്പിക്കുന്നതിനുമായി സ്കൂൾ പത്രം, മാസിക മുതലായവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
- കുട്ടികളുടെ കലാ-കായിക-ശാരീരിക വികസനത്തിനായി നല്ലൊരു മൈതാനം കാര്യക്ഷമമാക്കുക.
- ദിനാചരണങ്ങൾ ശക്തിപ്പെടുത്തുക.
- സാഹിത്യ ശിൽപശാലകൾ സംഘടിപ്പിക്കുക.

- വിദ്യാർത്ഥികൾ തമ്മിലും, വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും, അധ്യാപകരും അധ്യാപകരും തമ്മിലും, വിദ്യാലയവും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- അധ്യാപകർ കുട്ടികളുടെ മെന്റർ ആയി നിന്ന് അവരിലെ കഴിവുകൾ പുറത്ത് കൊണ്ടുവരികയും, കുട്ടികളുടെ സർവാംഗ വളർച്ചക്കുതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ക്ലാസ്മുറിയിൽ മാത്രം ഒതുങ്ങാതെ കലാ-കായിക-പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ കുട്ടികളെ സജീവമായി പങ്കാളികളാക്കുക.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകി പഠിപ്പിക്കുക.
- SSLC Full A+ 50 % ആയി ഉയർത്തുക.
- കുട്ടികളിൽ മൂല്യബോധവും, മാനുഷികമൂല്യങ്ങളും വളർത്തിയെടുക്കുക.
- ഭാഷാ അധ്യാപകർ കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനും അതിനായി അവരെ പ്രേരിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.
- Monthly Test, Weekly Test, Unit Test എന്നിവ കൃത്യമായി നടപ്പിലാക്കുക.
- കുട്ടികളുടെ നോട്ട്ബുക്കുകൾ കൃത്യമായി ചെക്ക് ചെയ്യുക.
- പഠനത്തിൽ മുന്നിൽ നിൽക്കുന്നവരെ മാത്രമല്ല പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും ഉത്തരവാദിത്വങ്ങൾ കൊടുത്ത് അവരിലും നേതൃപാടവം വളർത്തികൊടുക്കുക.
- LSS, USS, NMSS തുടങ്ങി സ്കോളർഷിപ്പ് പരീക്ഷയിൽ പരമാവധി വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുക.
- ഓരോ വിദ്യാർത്ഥികളുടെയും സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും ആവശ്യമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും - സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും വികസിപ്പിക്കുക.
- പഠിത്തത്തിൽ പിന്നോക്കക്കാരെ ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാകും. ഇതോടൊപ്പം പ്രതിഭാപോഷണത്തിനാവശ്യമായ പ്രവർത്തനങ്ങളും ഉറപ്പാക്കും.
- പ്ലാസ്റ്റിക്-ലഹരി വിമുക്ത കാമ്പസ് സൃഷ്ടിക്കും.
- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനുതകുന്ന തരത്തിൽ ഇടപെടലുകൾ നടത്തും.
- പ്രാദേശിക വിഭവ സമാഹരണത്തിനൊപ്പം സ്കൂൾ തലത്തിലുള്ള വിവിധ സഹായ സംഘങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചക്ക് ഉതകുന്നവിധം പ്രയോജനപ്പെടുത്തും.
- ആവശ്യമായ വിദ്യാർത്ഥികൾക്കായി Guidance & Counselling കാര്യക്ഷമമാക്കും.
- ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുപകരിക്കുക കരിയർ ഗൈഡൻസ് ക്ലാസുകൾ കാര്യക്ഷമമായി നടപ്പിലാക്കണം.




## സ്കൂൾ ചരിത്രം

ചരിത്രനാൾ വഴികളിലൂടെ കടന്നുപോകുമ്പോൾ ചാലക്കുടി അവികസിതമായ ഒരു പ്രദോശമായിരുന്നു. സാമൂഹിക, സാമ്പത്തിക സാംസ്കാരിക മേഖലകളിൽ തികച്ചും പിന്നോക്കവസ്ഥ സൃഷ്ടിച്ച ഒരു ഗ്രാമീണ സംസ്കൃതിയായിരുന്നു ഇവിടുത്തേത്. വിദ്യാഭ്യാസ സൗകര്യങ്ങൾ നഷ്ടപ്പെട്ട് വീടുകളിലെ അകത്തളങ്ങളിൽ ബാലികമാർ അടയ്ക്കപ്പെട്ട നാളുകളിൽ പുരോഗമന ചിന്തയുള്ളവരും, ഉന്നത വിദ്യാഭ്യാസമുള്ളവരുമായ ഒരു തലമുറയെ ലക്ഷ്യം വെച്ചുകൊണ്ട്, സമസ്തമേഖലകളിലും അഭിവൃദ്ധി കൈവരിക്കുവാൻ സ്ത്രീ വിദ്യാഭ്യാസപരമായ സാമൂഹിക അന്തരീക്ഷം ഉടലെടുക്കുവാൻ, ഒരു പുതുവഴി തെളിയിച്ചത് ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷനിലെ സിസ്റ്റേഴ്സാണ്.

വിസ്തൃതമായ മുകുന്ദപുരം താലൂക്കിൽ ഗ്രാമീണതയിൽ നിന്ന് നാഗരികതയിലേക്ക് എത്തിനോക്കാൻ തക്കവിധം ഇംഗ്ലീഷ് വിദ്യാഭ്യാസം അനുപേക്ഷണീയമാണെന്ന് കരുതി പ്രകൃതി സുന്ദരമായ ചാലക്കുടി പുഴയുടെ തീരത്ത് കിടക്കുന്ന നാടിന്റെ കേന്ദ്രസ്ഥാനമായ പൂത്തുപറമ്പിൽ സ്കൂളിൽ ഇവർ സ്ഥാനം നിർണ്ണയിച്ചു. 1925 ഏപ്രിൽ 21-ന് തൃശ്ശൂർ രൂപതാദ്ധ്യക്ഷൻ ഇരിമ്പൻ ബ. യൗസേപ്പച്ചൻ ഈശോയുടെ തിരുഹൃദയത്തിന്റെ നാമത്തിൽ വിദ്യാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നടത്തി. സ്കൂൾ വർഷാരംഭദിനമായ 1925 മെയ്
18 ന്
മഹാമഹിമ ശ്രീ രാമവർമ്മത്തമ്പുരാൻ ബി.എ. തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ ചേർന്ന ചാലക്കുടി പൗരാവലിയുടെ ഒരു മഹായോഗത്തിൽ വെച്ച് സേക്രഡ് ഹാർട്ട് കോൺവെന്റ് ലോവർ സെക്കണ്ടറി ഗേൾസ് സ്കൂൾ ഉദ്ഘാടനം ചെയ്യപ്പെട്ടു. അഞ്ചാം ക്ലാസും പ്രിപ്പേരട്ടറി ക്ലാസും സ്ഥാപന വർഷത്തിൽ തുടക്കമിട്ടു. സി. ആൽബെർട്ട് സ്കൂളിന്റെ പ്രധാനധ്യാപികയായി സ്ഥാനമേറ്റു.

സാമ്പത്തിക പ്രതിസന്ധികളെ മറികടന്ന് തീവ്രപരിശ്രമങ്ങളാൽ രണ്ടാമത്തെ വർഷത്തിൽ പ്രൈമറി ഡിപ്പാർട്ട്മെന്റിൽ ഒന്നാം ക്ലാസ്സും ലോവർ സെക്കണ്ടറി ഡിപ്പോർട്ടമെന്റിൽ

ആറാം ക്ലാസ്സും പുതുതായി ആരംഭിക്കുകയും നാല് വർഷങ്ങൾക്കുള്ളിൽ ഒരു ലോവർ സെക്കണ്ടറി സ്കൂളായി രൂപമെടുക്കുകയും ചെയ്തു. 1931 ജൂൺ മാസത്തിൽ വിദ്യാലയവർഷാരംഭത്തിൽതന്നെ 34 കുട്ടികളോടുകൂടി എട്ടാം ക്ലാസും 1932–ൽ ഒമ്പതാം ക്ലാസും 1934–ൽ ആദ്യത്തെ പത്താം ക്ലാസ് വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി പരീക്ഷ എഴുതുകയും ചെയ്തു.

കാലങ്ങൾ പിന്നിടുമ്പോൾ വളർച്ചയുടെ നല്ല ഓർമ്മകളാണ് ഈ വിദ്യാലയം സമ്മാനിച്ചത്. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലും ആധുനിക സാങ്കേതിക വിദ്യകളിലെ നൂതനാഭിമുഖ്യങ്ങളെ പ്രയോജനപ്പെടുത്തി ഏറ്റവും മികച്ച വിദ്യാഭ്യാസ രീതികൾ പകർന്നുകൊടുക്കുന്നതിലും മൂല്യബോധമുള്ള വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിലും ഈ വിദ്യാലയം എന്നും മുൻപന്തിയിലാണ്. ഈ കലാലയക്ഷേത്രത്തിൽ നിന്നും പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾ ലോകമെമ്പാടുമുള്ള വിവധ മേഖലകളിൽ സ്ഥാനം പിടിച്ചതിൽ ഏറെ അഭിമാനം അർഹിക്കുന്നു. വിദ്യാലയത്തിന്റെ സമഗ്ര വളർച്ചയിൽ എന്നും കൂടെ നിൽക്കുന്ന അഭ്യുദയ കാംക്ഷികളും വിദ്യാലയത്തിന്റെ ശക്തിയാണ്. ഏത് സാധാരണക്കാരന്റെ ജീവിതയാത്രയിലും വഴിവിളക്കായി മാറുന്ന ഈ വിദ്യാലയം ഉയരങ്ങളുടെ സോപാനത്തിലേക്കുള്ള യാത്ര തുടരുന്നു.

# വിദ്യാലയ സമഗ്ര വികസന കാഴ്ചപ്പാട്

ഒരു മികച്ച വിദ്യാലയം ഒരു മികച്ച സമൂഹത്തെ സൃഷ്ടിക്കുന്നു. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന കാഴ്ചപ്പാടോടെ പ്രദേശത്തെ ഏറ്റവും അതിനൂതന സാങ്കേതിക സൗകര്യങ്ങളോടു കൂടിയ വിദ്യാലയമാണ്. എസ്.എച്ച്.സി.ജി.എച്ച്.എസ്.എസ്. വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കിയും അച്ചടക്കത്തിന് പിന്തുണ നൽകിയും വിദ്യാലയത്തിലേക്ക് കുട്ടികളെ ആകർഷിക്കണം. വിദ്യാഭ്യാസത്തിൽ ജനാധിപത്യവൽക്കരണം അർത്ഥപൂർണ്ണമാക്കുകയും ജനകീയ സംവിധാനങ്ങളുടെ പിന്തുണയോടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം PTA, MPTA, OSA സന്നദ്ധസംഘടനാ പ്രതിനിധികൾ, പ്രമുഖ സ്ഥാപനാധികാരികൾ തുടങ്ങിയവരെ ഉൾപ്പെടുത്തിയുള്ള വിദ്യാലയ വികസന സമിതി പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കണം.

ലോകത്തെവിടെയുമുള്ള സമപ്രായക്കാരുമായി നേടിയ അറിവിന്റെയും കഴിവിന്റെയും അടിസ്ഥാനത്തിൽ സംവദിക്കാനുള്ള ശേഷി കൈവരിച്ചു എന്ന് ഉറപ്പുവരുത്താൻ ഉതകുന്ന വിധത്തിലുള്ള പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. അതിനാൽ ക്ലാസ്മുറികൾ ഹൈടെക്കാക്കി ലൈബ്രറി റീഡിംങ് റൂം, സയൻസ് ലാബ് എന്നിവ നവീകരിക്കുകയും ചെയ്യും.

പ്രത്യേക പരിഗണ ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ മുഖ്യധാരയിലെത്തുകയും കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നതിനാവശ്യമായ പരിഹാരബോധം, ഭാഷാനൈപുണി വികസനം, ഗണിതശേഷി വികസനം, കൗൺസിലിംഗ്, ശിൽപശാല എന്നിവ ഒരുക്കണം.

## അധ്യാപകർ

കുട്ടികളുടെ മറ്റൊരു വീടായി വിദ്യാലയം മാറണം. കുട്ടികൾക്ക് അധ്യാപകരോട് അവരവരുടെ മനസ്സിലുള്ളത് ഭയമില്ലാതെ പറയുവാനുള്ള സാഹചര്യം നിലവിലുണ്ട് എങ്കിലും എല്ലാ കുട്ടികളും മുന്നോട്ടു വരുന്നില്ല. അവരിലേക്ക് കൂടുതൽ ഇറങ്ങി ചെല്ലാനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അധ്യാപകർക്ക് കഴിയണം. കുട്ടികളുടെ കണ്ണുകളിലെ സ്വപ്നങ്ങളും, കണ്ണീരും, കനലുകളും കാണാൻ അധ്യാപകർക്ക് കഴിയണം. കുട്ടികളെ തന്നോട് ചേർത്തു പിടിക്കാൻ കഴിയണം. ഒറ്റപ്പെടുന്നു എന്ന തോന്നൽ ഒരു കുട്ടിയ്ക്കും ഉണ്ടാകാത്ത വിധത്തിൽ അധ്യാപകർ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. അനുഭവങ്ങളിൽകൂടി പെരുമാറ്റത്തിന് ഉണ്ടാകുന്ന പരിവർത്തനമാണ് പഠനം. സമൂഹം അംഗീകരിക്കുന്ന രീതിയിലുള്ള പെരുമാറ്റ പ്രരൂപങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി കുട്ടികളെ സഹായിക്കുക എന്നതാണ് അധ്യാപകധർമം. അധ്യാപകർ എന്നതിനൊപ്പം വിദ്യാർത്ഥികളുടെ വഴികാട്ടിയും മാർഗദർശികളുമാകാൻ കഴിയണം.

## രക്ഷിതാക്കൾ

പഠിതാക്കളുടെ സർവതോന്മുഖമായ അഭിവൃദ്ധി ലക്ഷ്യമാക്കി പ്രവർത്തിക്കാൻ അധ്യാപകർക്ക് എന്നപോലെ രക്ഷിതാക്കൾക്കും കടമയുണ്ട്. സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ വികസനത്തിൽ രക്ഷിതാക്കൾക്ക് നിർണായക സ്വാധീനമുണ്ട്. സ്കൂളും സമൂഹവും പരസ്പരം സഹകരിക്കുക എന്ന തത്ത്വം യാഥാർത്ഥ്യമാക്കുന്നത് രക്ഷിതാക്കളിലൂടെയാണ്.

## സമൂഹം

വിദ്യാലയത്തിലെ എല്ലാ പ്രവർത്തനങ്ങളിലും സമൂഹത്തെയും ഉൾക്കൊള്ളിക്കണം. ഇന്നത്തെ കുട്ടികൾ നാളെ ഇറങ്ങി ചെല്ലേണ്ടത് ഈ സമൂഹത്തിലേയ്ക്കാണ്. വിദ്യാലയത്തിന്റെ പുരോഗതിക്കു സഹായകമാകും വിധത്തിലായിരിക്കണം ചുറ്റുപാടുമുള്ള സമൂഹത്തിന്റെ പ്രവർത്തനം സാമൂഹ്യ സുരക്ഷയെക്കുറിച്ച് ബോധ്യമുള്ളവരായിരിക്കണം സമൂഹം.

## പൂർവ്വ വിദ്യാർത്ഥികൾ

തങ്ങളുടെ മാതൃവിദ്യാലയത്തിനോട് സ്നേഹവും പരിഗണയും ഉള്ളവരായിരിക്കണം. വിദ്യാലയത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പൂർവ്വ വിദ്യാർത്ഥികളെ ഉൾക്കൊള്ളിക്കണം. സമൂഹത്തിൽ ഉന്നതനിലയിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികൾക്ക് പ്രചോദനാത്മക ക്ലാസ്സുകൾ നടത്തുകയും. അവർക്ക് സ്വീകരണവും ആദരണവും സംഘടിപ്പിക്കുകയും ചെയ്യണം.

## ഓഫീസ് ജീവനക്കാർ

അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സൗഹൃദപരമായി ഇടപെടാൻ കഴിയുന്നവരാകണം. വിദ്യാലയത്തിലെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഇവരുടെ നിസ്സീമമായ സേവനവും സഹകരണവും അത്യാവശ്യമാണ്.

## വിദ്യാലയ മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

### ഹൈടെക് സ്കൂൾ

വിദ്യാലയത്തിൽ നൂതന സാങ്കേതിക വിദ്യയുടെ മികവ് ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തൽ.

പാഠ്യപദ്ധതി അനുസരിച്ചുള്ള പഠന വിഭവങ്ങളും സാങ്കേതിക വിദ്യാശാക്തികൃതമായ പഠന പ്രവർത്തനങ്ങളും ക്ലാസ് മുറികളിൽ പ്രാവർത്തികമാക്കൽ.

കുട്ടികളുടെ സമഗ്ര വ്യക്തിത്വ വികസനം ലക്ഷ്യമാക്കിയുള്ള ഡിജിറ്റൽ പഠന വിഭവങ്ങൾ

5 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ്സുകളിലും മൾട്ടീമീഡിയ സൗകര്യം.

അക്കാദമിക മികവ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക

ക്ലാസ്റൂം പഠനത്തിന് അപ്പുറത്ത് കുട്ടികൾക്ക് സ്വയം പഠനത്തിനുള്ള അവസരങ്ങൾ നൽകൽ.

ജനാധിപത്യ നേതൃത്വ പരിശീലനം നൽകുക.

പഠന പിന്നോക്കാവസ്ഥയിലുള്ള പരിഹാരബോധനം

വിദ്യാർത്ഥികളുടെ സർഗ്ഗശേഷി വളർത്തി ആത്മവിശ്വാസം വളർത്തിയെടുക്കൽ

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ കാര്യക്ഷമമായ ഇടപെടൽ ഉറപ്പുവരുത്തുക.

ക്ലാസ് ലൈബ്രറി കാര്യക്ഷമമാക്കുകയും പഠന സമയത്ത് പ്രയോജനപ്പെടുത്തുകയും ചെയ്യുക.

മത്സര പരീക്ഷകളിൽ വിദ്യാർഥികളുടെ പങ്കാളിത്തം ഉറപ്പാക്കുക.

കലാകായിക മത്സരങ്ങൾക്ക് പ്രത്യേക കോച്ചിംഗ് ഏർപ്പെടുത്തുക

പെൺകുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി സെമിനാറുകളും ബോധവൽക്കണ ക്ലാസ്സുകളും സംഘടിപ്പിക്കൽ.

വിദ്യാഭ്യാസം കഴിയുന്നതോടുകൂടി തൊഴിൽ നൈപുണി വികസനപ്പിക്കുന്നതിനുള്ള കഴിവ് രൂപീകരിക്കൽ.

സഹജീവനം

കായികക്ഷമത ഉറപ്പാക്കുന്നതിന് ഇൻഡോർ ഔട്ട്ഡോർ കളികൾ പ്രോത്സാഹിപ്പിക്കുക.

പ്രസംഗം, നാടൻപാട്ട്, ചിത്രരചന, യോഗ മുതലായവയിൽ ശിൽപശാലകൾ സംഘടിപ്പിക്കൽ.

സ്കൂളിലെ വിവിധ പ്രവർത്തനങ്ങളുടെ നേർക്കാഴ്ച പത്രങ്ങളിലൂടെ പ്രതിഫലിപ്പിക്കുന്നു.

# പദ്ധതി രൂപീകരണം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ മുഖ്യമായ ലക്ഷ്യം വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഈ ലക്ഷ്യം നിറവേറ്റണമെങ്കിൽ വിദ്യാലയത്തെ അക്കാദമികമായും ഭൗതീകമായും ഉന്നതിയിൽ എത്തിക്കേണ്ടതുണ്ട്. നിലവിലുള്ള പി.ടി.എ., എം.പി.ടി.എ., എസ്.എം.സി. തുടങ്ങിയ സമിതികൾക്കൊപ്പം പൂർവ്വ വിദ്യാർത്ഥി സംഘടനയായ ഒ.എസ്.എ.,ഒ.ടി.എ., വായനശാലകൾ, ക്ലബുകൾ എന്നിവരെ കൂടി പദ്ധതി രൂപീകരണ പ്രക്രിയയിൽ ഉൾപ്പെടുത്തി. പി.ടി.എ. പ്രസിഡണ്ട് ശ്രീ. അജു കെ. പുല്ലന്റെ നേതൃത്വത്തിൽ പദ്ധതി രൂപീകരണത്തിന് കമ്മിറ്റിയെ തെരഞ്ഞെടുത്തു.

ശ്രീമതി നിത പോൾ ചെയർമാൻ (മുനിസിപ്പൽ കൗൺസിലർ)

ശ്രീ. അജു കെ. പുല്ലൻ, വൈസ് ചെയർമാൻ (പി.ടി.എ.പ്രസിഡണ്ട്)

സി. സിൽവി കെ.ഐ. കൺവീനർ (പ്രിൻസിപ്പൽ)

സി. ജോസ്ലിൻ, ജോ. കൺവീനർ

**കമ്മിറ്റി അംഗങ്ങൾ**

ശ്രീമതി സുമി ഡേവിസ് (അധ്യാപിക)

സി. സിനി പി.എഫ്. (അധ്യാപിക)

സി. അൽഫോൺസ പി.വി. (അധ്യാപിക)

സി. ഷൈനി കെ.ജെ. (അധ്യാപിക)

സി. എൽസി വി.ഐ. (അധ്യാപിക)

ശ്രീമതി പ്രീതി ആന്റണി (അധ്യാപിക)

ശ്രീമതി ബിയ പോൾ (അധ്യാപിക)

ശ്രീമതി ദിവ്യ സി.വി. (അധ്യാപിക)

ശ്രീമതി ലത ജോർജ്ജ് (അധ്യാപിക)

സി. ജാൻസി എ.ടി. (അധ്യാപിക)

ശ്രീമതി ലിറ്റി കെ. ആന്റോ (അധ്യാപിക)

ശ്രീമതി ബോളി എൻ. (അധ്യാപിക)

ശ്രീമതി ജിനി ജോസ് (അധ്യാപിക)

ശ്രീമതി ഗ്രേസി (ഒ.ടി.എ.)

ശ്രീമതി സ്റ്റാറി പോൾ (ഒ.എസ്.എ.)

കുമാരി വൈഷ്ണവി സി. (സ്കൂൾ ലീഡർ)

എന്നിവരെ തെരഞ്ഞെടുത്ത് എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചു.

## തെരഞ്ഞെടുത്ത പദ്ധതികൾ

1. ഡിജിറ്റൽ ലൈബ്രറി
2. അസംബ്ലിഹാൾ നവീകരണം
3. ഊട്ടുപുര

കമ്മിറ്റികൾക്ക് ആവശ്യമായ ധനസമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുവാനുള്ള ചുമതല നൽകി.

# വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥ

SHCGHSS ചാലക്കുടിയിലെ 2023-24 അക്കാദമിക വർഷത്തിൽ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം.

പെൺകുട്ടികൾ മാത്രമുള്ള ഈ വിദ്യാലയത്തിൽ (5th to 10th) ഓരോ ക്ലാസിലും UP വിഭാഗത്തിൽ 5 ഡിവിഷൻ വീതവും (15), HS വിഭാഗത്തിൽ 7 ഡിവിഷൻ വീതവും (21) ഉണ്ട്. കൂടാതെ HSS വിഭാഗവും ഈ വിദ്യാലയത്തിൽ ഉണ്ട്.

വിദ്യാർത്ഥികളുടെ നിലവിലുള്ള അവസ്ഥ.

| വിഭാഗം | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|
| OBC | 54 | 72 | 79 | 104 | 126 | 122 |
| SC | 13 | 12 | 9 | 17 | 20 | 19 |
| ST | - | - | - | 1 | - | - |
| Gen. | 92 | 89 | 122 | 137 | 154 | 169 |
| Total | 159 | 173 | 210 | 259 | 300 | 310 |
| | | | | | Total | 1411 |

അദ്ധ്യാപകരുടെ നിലവിലുള്ള അവസ്ഥ

UP - 18
HS - 31
HM & Office - 1+5 = 6
Total - 55

അദ്ധ്യാപകരിൽ

PT - 2
Junior Hindi - 1
Hindi - 2
Sanskrit - 2
Work experience - 1
Drawing - 1

# വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ

- **സബ്ജക്ട് കൗൺസിൽ**

ഒരേ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ കൂട്ടായ്മയാണ് UP,HS തലങ്ങളിൽ വിഷയം സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ മാസത്തിലും രണ്ടു പ്രാവശ്യം കൂടി തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. മുൻ സമിതിയൽ ആസൂത്രണം ചെയ്ത പ്രവർത്തന നടത്തിപ്പിനുശേഷം നേരിടേണ്ടിവന്ന അക്കാദമിക പ്രശ്നങ്ങളുടെ അവതരണം പഠന പ്രവർത്തനങ്ങളുടെ നടത്തിപ്പിനാവശ്യമായ സാമഗ്രികൾ തയ്യാറാക്കൽ (ICT) അടുത്ത സമിതിയിൽ അവതരിപ്പിക്കേണ്ട സഹായങ്ങൾ, പ്രശ്നങ്ങൾ ect. ലിസ്റ്റ് ചെയ്യൽ.

- **എസ്.ആർ.ജി.**

SRG അംഗങ്ങളുടെ സമ്പൂർണ്ണ പങ്കാളിത്തവും മുഴുവൻ സമയ സാന്നിദ്ധ്യവും ഉണ്ട്. സ്കൂളിലെ പ്രവർത്തനങ്ങളെല്ലാം റിപ്പോർട്ട് ചെയ്യുന്നു. പൂർത്തികരിക്കാത്ത പ്രവർത്തനങ്ങൾ അടുത്ത ആഴ്ചയിലേക്ക് പുനരാസൂത്രണം ചെയ്യുന്നു. അടുത്ത ആഴ്ചയിലെ പ്രവർത്തനങ്ങൾ, ദിനാചരണം, എം.പി. ആസൂത്രണം ചെയ്യൽ ചുമതലാ വിഭജനം, ചർച്ചകളും തീരുമാനങ്ങളും മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തുന്നു.

- **ഡിസിപ്ലിൻ കമ്മിറ്റി**

സ്കൂളിന്റെ അച്ചടക്ക സംബന്ധമായ വിവരങ്ങൾ ശ്രദ്ധിക്കുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു.

- **കൗൺസലിംഗ് ആന്റ് മെന്റൽ ഹെൽത്ത്**

കുട്ടികളിലെ മാനസികാരോഗ്യം ഉറപ്പുവരുത്തുക, വ്യക്തിത്വ വികസനം എന്നിവ ലക്ഷ്യമിട്ട്കൊണ്ട് കൗൺസിലിംഗ് ക്ലാസുകൾ, ബോധവത്ക്കരണ ക്ലാസുകൾ എന്നിവ നൽകുന്നു.

- **പി.ടി.എ.**

വിദ്യാലയത്തിന്റെയും വിദ്യാർത്ഥികളുടെയും വളർച്ചക്കാവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് സജീവ പങ്കാളിത്തം പുലർത്തുന്നു.

- **എം.പി.ടി.എ.**

സ്കൂൾ പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണയും സഹായവും നൽകുക.

- **സ്കൂൾ വികസന സമിതി**

സമൂഹത്തിൽ വിദ്യാലയത്തിന്റെ മികവ് നിലനിർത്തുവാനും, വികസനം മുന്നിൽ കണ്ടുകൊണ്ടും പ്രവർത്തിക്കുന്നു.

- **പഠനയാത്രകൾ**

കുട്ടികൾക്ക് പഠനത്തിനാവശ്യമായ പ്രത്യക്ഷാനുഭവങ്ങൾ നൽകുക ആരോഗ്യകര മായ സൗഹൃദങ്ങൾ വളർത്തുക എന്നീ ഉദ്ദേശത്തോടെ പഠനയാത്രകൾ. ഫീൽഡ് ട്രിപ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു.

- **സ്പെഷ്യൽ കോച്ചിങ്ങ്**

അക്ഷരമറിയാത്ത, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നു. ഇതിനായി അദ്ധ്യാപകർ നാലുമണിമു തൽ അഞ്ചുമണിവരെയുള്ള സമയം ഉപയോഗിക്കുന്നു.

- **കലാകായിക പ്രവർത്തനങ്ങൾ**

പാഠ്യവിഷയങ്ങൾക്ക് പുറമേ പാഠ്യേതര വിഷയങ്ങൾക്ക് പ്രാധാന്യം നൽകി കുട്ടിക ളിലെ കലാകായികശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ കോച്ചിങ്ങ് നൽകിവരുന്നു. കുട്ടികളുടെ ആരോഗ്യത്തിനാവശ്യമായ ഭക്ഷണ പദാർത്ഥങ്ങളും നൽകുന്നു. വിദ്യാ ലയത്തിലെ അദ്ധ്യാപകർക്കുപുറമെ 3 അദ്ധ്യാപകരും ഇവിടെ വന്ന് പരിശീലനം കൊടുക്കുന്നു.

- **ആഘോഷപരിപാടികൾ**

കുട്ടികളിൽ സൗഹാർദ്ദവും സാഹോദര്യവും ഉറപ്പുവരുത്തുവാനായിട്ട് ആഘോഷപ രിപാടികൾ നടത്തിവരുന്നു.

- **ലൈബ്രറി**

പുസ്തകവിതരണം, വായനകുറിപ്പ് നിർമ്മാണം, പത്രവായന, ക്ലാസ്മുറികളിലെ വായന തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്ന തിനുനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- **വിമുക്തി**

സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള "വിമുക്തമിഷന്റെ" ഭാഗമായി ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- **നല്ലപാഠം**

മലയാള മനോരമ പത്രവുമായി ബന്ധപ്പെട്ട് കാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നു.

- **പാഠ്യേതരപ്രവർത്തനങ്ങൾ**

പാഠ്യേതരപ്രവർത്തനങ്ങൾ വിദ്യഭ്യാസ സമ്പ്രദായത്തിന്റെ ഒരു പ്രധാനഭാഗമാണെന്ന് SH സ്കൂൾ വിശ്വസിക്കുന്നു. ഈ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് ഞങ്ങളുടെ വിദ്യാർത്ഥികളുടെ സമഗ്രവളർച്ചയ്ക്കും വികസനത്തിനും സഹായിക്കുന്നു. ഓരോ വ്യക്തിയും വിദ്യാർത്ഥി സംഘടനയുടെ വ്യക്തിഗത പ്രതിനിധിയായി മാറുന്നു. സ്കൂൾ, സമൂഹവും ക്ലബ്ബുകളിലെ പങ്കാളിത്തം വിദ്യാർത്ഥികൾക്ക് പ്രശ്നപരിഹാര ത്തിനുള്ള കഴിവുകൾ, പഠിക്കാനുള്ള അവസരം നൽകുന്നു.

- **ക്ലബ് പ്രവർത്തനങ്ങൾ**

വിദ്യാലയത്തിലെ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ നടത്തുന്നു.
ഗണിതം, സയൻസ്, സാമൂഹ്യശാസ്ത്രം, വിദ്യാരംഗം കലാസാഹിത്യവേദി, Work experience, Sanskrit, Health & Environment, Hindi, English എന്നീ ക്ലബ്ബുകളാണ് വിദ്യാലയത്തിൽ സജീവ സാന്നിദ്ധ്യങ്ങളായി പ്രവർത്തിക്കുന്നത്. അദ്ധ്യയനവർഷത്തിന്റെ തുടക്കത്തിൽ എല്ലാ ക്ലബ്ബുകളും വിവിധ പരിപാടികളോടെ ഉദ്ഘാടനം നടത്തുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുന്നു. ക്വിസ് മത്സരങ്ങളും, ദിനാചരണങ്ങളും വിവിധ ക്ലബ്ബുകളുടെ ഭാഗമായി നടത്തിവരുന്നു. ശാസ്ത്രമേളയ്ക്കുള്ള ഒരുക്കവും ഇതിനോടനുബന്ധിച്ച് നടത്തുന്നു. കൊളാഷ് നിർമ്മാണം, ഫീൽഡ് ട്രിപ്പ്, പോസ്റ്റർ നിർമ്മാണം, ഗണിത ശാസ്ത്രം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട സ്കിറ്റ് ഡ്രാമ എന്നിവയുടെ അവതരണം നടത്തിവരുന്നു.

- **ലാബ് പ്രവർത്തനങ്ങൾ**

നിരീക്ഷണത്തിലൂടെയും അനുഭവങ്ങളിലൂടെയും അറിവ് സ്വായത്തമാക്കുന്നതിനായി സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, മാത്സ് ലാബ്, സാമൂഹ്യ ശാസ്ത്ര ലാബ് Language ലാബ് എന്നിവ വിജയകരമായി പ്രവർത്തിച്ച് വരുന്നു. നിരീക്ഷണം, പരീക്ഷണം ഭൂപട പരീക്ഷണം, സ്മാർട്ട് ക്ലാസ് പഠനം എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്നു.

- **LITTLE KITES**

"Little Kites" ഗ്രൂപ്പ് വിദ്യാലയത്തിൽ സജീവമായി പ്രവർത്തിക്കുന്നു. ഡിജിറ്റൽ പെയ്ന്റിംങ്ങ്, കമ്പ്യൂട്ടർ ടൈപ്പിങ്ങ് എന്നിവയ്ക്ക് പ്രത്യേക പരിശീലനം നടത്തിവരുന്നു.

- **സാമൂഹിക സന്നദ്ധസേവനം**

ഗൈഡ്സ്, റെഡ്ക്രോസ് എന്നീ യൂണിറ്റുകൾ സജീവമായി പ്രവർത്തിക്കുന്നു. അവയുടെ നേതൃത്വത്തിൽ നിരവധി സാമൂഹികവും ജീവകാരുണ്യവുമായ പ്രവർത്തനങ്ങൾ നടത്തുന്നു. Kerala State Bharath Scout & Guide ന്റെ ഭാഗമായി ഗൈഡ്സിന്റെ 3 യൂണിറ്റുകൾ സജീവമായി പ്രവർത്തിക്കുന്നു. 2023-24 അദ്ധ്യയന വർഷത്തിൽ 3 ദിവസത്തെ രാവും പകലുമുള്ള ക്യാമ്പും കൂടാതെ Hiking ന്റെ ഭാഗമായി നടത്തിയ ചാലക്കുടി പുഴ സന്ദർശനവും എടുത്ത് പറയേണ്ട പ്രവർത്തനമാണ് സ്കൂളിന്റെ അച്ചടക്ക പരിപാലനത്തിനും ശുചീകരണ പ്രവർത്തനങ്ങളിലും ഗൈഡ്സ് മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നു.

- ഓരോ മാസാദ്യത്തിലും ക്ലാസ് പി.ടി.എ.
- കൃത്യമായ തിയ്യതികളിൽ മാസംതോറും പരീക്ഷകൾ നടത്തുന്നു.
- ക്ലാസ് പി.ടി.എ.യിൽ പ്രോഗ്രസ് കാർഡ് വിതരണം
- രക്ഷിതാക്കളുടെ നിരന്തരമായ വിദ്യാലയ സന്ദർശനം
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ കാര്യക്ഷമമായ ഇടപെടൽ.

◆ **സ്കൂൾ വാർഷികാഘോഷം**

സ്കൂൾ വാർഷികാഘോഷം വിപുലമാ രീതിയിൽ വിവിധ കലാപരിപാടികളോടെ നടത്തപ്പെടുന്നു. സ്കൂൾ വാർഷികാഘോഷത്തിൽ റിപ്പോർട്ട് അവതരണം ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ സഹായത്തോടെ നടത്തപ്പെടുന്നു.

◆ **തൊഴിൽ നൈപുണ്യം വികസിപ്പിക്കൽ**

പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യം വികസിപ്പിക്കാൻ ഉന്നത നിലവാരമുള്ള പ്രവൃത്തി പരിചയ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ഓരോ വിദ്യാർത്ഥിയുടെയും അഭിരുചിയ്ക്കനുസരിച്ച് പ്രത്യേക പരിശീലനം നൽകുന്നു.

**ഭിന്നശേഷി സൗഹൃദ വിദ്യാലയം**

സ്പെഷ്യൽ എഡ്യുക്കേറ്ററുടെ നേതൃത്വത്തിൽ ആവശ്യമായ പഠന പിന്തുണ നൽകുന്നു. നൂതന സാങ്കേതിക വിദ്യയിലൂടെ അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നടത്തി വരുന്നു. വിദ്യാർത്ഥികളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകുന്നു.

## വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം നിലവിലുള്ള അവസ്ഥ

ആകെ ക്ലാസ് മുറുകളുടെ എണ്ണം - 54
അഡീഷണൽ ക്ലാസുകളുടെ എണ്ണം - 5
കുട്ടികൾക്കുള്ള ടോയ്‌ലറ്റുകളുടെ എണ്ണം - 70

◆ കുട്ടികളുടെ സുരക്ഷയ്ക്കായി നിരീക്ഷണ ക്യാമറ ഉൾപ്പെടുത്തിയിട്ടുണ്ട് നല്ലൊരു സെക്യൂരിറ്റി സിസ്റ്റവും സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്.

◆ കുടിവെള്ള സൗകര്യത്തിനായി ഓരോ നിലയിലും വാട്ടർ ഫിൽട്ടറുകളും കൈ കഴുകുന്നതിനായുള്ള ടാപ്പുകളും ടോയ്‌ലറ്റ് സംവിധാനങ്ങളും ഓരോ നിലയിലുമുണ്ട്.

| | |
|---|---|
| പ്രധാന അദ്ധ്യാപകമുറി | - 1 |
| ഓഫീസ് | - 1 |
| ഗേറ്റ് | - 2 (1-കുട്ടികൾക്ക് കടന്ന് വരുവാൻ, 1 - വാഹനങ്ങൾക്ക്) |
| ചുറ്റുമതിൽ | - 1 |
| കളിസ്ഥലം | - 1 |
| അടുക്കള | - 1 |


വിദ്യാലയത്തിലെ ഐ.ടി. അനുബന്ധ സാമഗ്രികളുടെ നിലവിലുള്ള അവസ്ഥ.

| | |
|---|---|
| കമ്പ്യൂട്ടർ ലാബ് | - 2 |
| കമ്പ്യൂട്ടർ ഡസ്ക്ടോപ്പ് | - 11 |
| ലാപ്ടോപ്പ് | - 41 |
| പ്രൊജക്ടർ | - 26 |
| ഇന്റർനെറ്റ് കണക്ഷൻ | - ഉണ്ട് |
| ഇ-മെയിൽ ഐഡി | - ഉണ്ട് |
| T.V. | - 5 |
| സ്മാർട്ട് ക്ലാസ്റൂം | - 26 |
| ഇന്ററക്ടീവ് വൈറ്റ് ബോർഡ് | - |

# SSLC RESULT & EVALUATION

വർഷങ്ങളായി SSLC Result ൽ തിളക്കമാർന്ന വിജയം നേടിക്കൊണ്ടിരിക്കുന്ന വിദ്യാലയമാണ് SH വിദ്യാലയം.

| വർഷം | SSLC എഴുതിയവരുടെ എണ്ണം | SSLC ജയിച്ചവരുടെ എണ്ണം | വിജയശതമാനം |
|---|---|---|---|
| 2018-19 | 294 | 294 | 100% |
| 2019-20 | 312 | 312 | 100% |
| 2020-21 | 299 | 279 | 100% |
| 2021-22 | 285 | 285 | 100% |
| 2022-23 | 285 | 285 | 100% |
| 2023-24 | 310 | 310 | 100% |



## പ്രതീക്ഷിത നേട്ടങ്ങൾ (അക്കാദമികം)

- ഭാഷാ വിഷയങ്ങൾ അക്ഷരത്തെറ്റില്ലാതെ എഴുതാനും വായിക്കാനും ആത്മവിശ്വാസത്തോടെ സ്വന്തം ആശയങ്ങൾ അവതരിപ്പിക്കാനുള്ള കഴിവുള്ള വിദ്യാർത്ഥികളായി വളർത്തുക.

- വായനയിലൂടെയും പരിശീലനങ്ങളിലൂടെയും സർഗാത്മകശേഷികൾ വളർത്തി ജീവിതവിജയത്തിന് വിദ്യാർത്ഥികളെ വളർത്തുക.

- ചതുഷ്ക്രിയകളൊടൊപ്പം സംഖ്യാബോധം, ദശാംഗം, ഭിന്നസംഖ്യ, ശതമാനം, പലിശ, അംശബന്ധം, ബീജഗണിതം, ജോമട്രി എന്നിവയിൽ ഉയർന്നശേഷി നേടുക.

- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ ഗണിതക്രിയകൾ ഉപയോഗിക്കാൻ ശേഷി നേടുക.

- നിരീക്ഷണങ്ങളിലൂടെ പ്രപഞ്ചത്തെ കൂടുതൽ അറിയുവാനും ലാബ് സാധ്യതകളുപയോഗിച്ച് സ്വന്തമായി പരീക്ഷണങ്ങൾ നടത്താനും പ്രോജക്ടുകൾ തയ്യാറാക്കി ഗവേഷണത്വം വളർത്താനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

  IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഭൂഗോളത്തിന്റെ ഓരോ പ്രദേശത്തിന്റേയും പ്രത്യേകതകൾ മനസ്സിലാക്കാനും ദേശസ്നേഹത്തിലൂന്നിയുള്ള സൗമൂഹ്യജീവിയായി വളരാനും സമൂഹത്തിന്റെ പ്രശ്നങ്ങളിൽ ഇടപെടാനും വിദ്യാർത്ഥികളെ പ്രാപ്താക്കുക.

### ഭൗതീകം

**ഉച്ചഭക്ഷണം പോഷകാഹാര വിതരണം**

1. സ്കൂൾ പച്ചക്കറി തോട്ടം
   സർക്കാർ നൽകുന്ന ഭക്ഷണത്തിനു പുറമെ അധികഭക്ഷണം നൽകുന്നതിനും വിഷമയമില്ലാത്ത ശുദ്ധമായ ആഹാരം ലഭ്യമാക്കുന്നതിനുമായി പച്ചക്കറി കൃഷിത്തോട്ടം വെച്ചുപിടിപ്പിക്കുന്നു.
2. ബയോഗ്യാസ് പ്ലാന്റ്
3. ആധുനിക സൗകര്യങ്ങളോടു കൂടിയ ഭക്ഷണശാല

### കായികം

കലാകായി സാംസ്കാരിക പാർക്കുകൾ

| മേഖല :- അക്കാദമികം - സാമൂഹികം | | | |
|---|---|---|---|
| **ഉപമേഖല :- ആരോഗ്യമുള്ള ശരീരം, മനസ്സ് രൂപപ്പെടുത്തൽ** | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ വിദ്യാഭ്യാസം ഫലപ്രദമാക്കൽ | പെൺകുട്ടികൾക്ക് സ്വയം പ്രതിരോധം പരിശീലിപ്പിക്കാൻ കരാട്ടെ, തെയ്ക്കോഡോ തുടങ്ങിയവയിൽ പരിശീലനം | ആഴ്ചയിൽ പ്രവൃത്തി ദിനങ്ങളിൽ 4 to 5 മണി 3 മാസം | കായികാധ്യാപകൻ |
| **ഉപമേഖല :- സ്കോളർഷിപ്പ് പരീക്ഷ പരിശീലനം** | | | |
| പരമാവധി കുട്ടികൾക്ക് വിവധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനം | 1 വർഷത്തിൽ 3 മാസം | ക്ലാസ് ടീച്ചർ |
| **ഉപമേഖല :- പഠനയാത്രകൾ** | | | |
| പഠനയാത്രകളിലൂടെ ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, കലകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | ക്ലാസ് ടീച്ചേഴ്സ് |

| മേഖല :- അക്കാദമികം - സാമൂഹികം | | | |
|---|---|---|---|
| **ഉപമേഖല :- ഗണിതം** | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിത ക്ലിനിക്ക് | 1 വർഷം | ഗണിത ടീച്ചർ<br>ഗണിത ക്ലബ്ബ് |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | 1 മാസം | ഗണിത ടീച്ചർ |
| **ഉപമേഖല :- സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ്** | | | |
| സാമൂഹ്യ ശാസ്ത്ര- നൂതന അറിവുകൾ കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ | എല്ലാ ദിവസവും<br>ഒരു വർഷം | സാമൂഹ്യ ശാസ്ത്രം ക്ലബ്ബ് |

| മേഖല :- അക്കാദമികം - സാമൂഹികം | | | |
|---|---|---|---|
| **ഉപമേഖല :- CPTA ശക്തിപ്പെടുത്തൽ** | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും | CPTA യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠന നേട്ടങ്ങളുടെ അവരതരണം CPTA യിൽ | 1 വർഷം<br>3 മാസത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ<br>SRG |

| ഉപമേഖല :- ശാസ്ത്രം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **ചുമതല** | **കാലം** |
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | സ്കൂൾ തല സയൻസ് എക്സിബിഷൻ | സയൻസ് ക്ലബ് | വർഷത്തിൽ 1 തവണ |
| 2. ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | സയൻസ് ക്ലബ് | വർഷത്തിൽ 1 തവണ |
| 3. ശാസ്ത്ര ലാബ് നവീകരണം | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ സജ്ജീകരണം. | സയൻസ് ടീച്ചേഴ്സ് | വർഷത്തിൽ 1 തവണ |

| മേഖല - അക്കാദമികം - സാമൂഹികം | | | |
|---|---|---|---|
| മേഖല - അക്കാദമികം - സാമൂഹികം | | | |
| ലക്ഷ്യം | ലക്ഷ്യം | കാലാവധി | ചമുതല |
| ◗ വായനാഭിരുചി വളർത്തൽ | പുസ്തക വായനക്ലാസ് ലൈബ്രറി | 1 വർഷം | ഭാഷാധ്യാപകൻ |
| ◗ ലൈബ്രറിറി ശാക്തീകരണം | ഡിജിറ്റൽ ലൈബ്രറി | 1 വർഷം | മലയാളം അധ്യാപകൻ |
| ◗ സർഗ്ഗാത്മക കഴിവുകൾ പുറത്തുകൊണ്ടുവരിക | കലോത്സവങ്ങളിലെ പൂർണ്ണ പങ്കാളിത്തം വേദികൾ സജ്ജമാക്കുക | 6 മാസം | ഭാഷാധ്യാപകൻ |

**മോണിറ്ററിംഗ്**

**മാനേജർ**

സ്കൂളിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുവേണ്ടി അത്യധ്വാനം ചെയ്യുന്നുണ്ട്. വർഷത്തിലൊരിക്കൽ സ്കൂൾ സന്ദർശിക്കുകയും. അധ്യാപകരും കുട്ടികളുമായി സംവദിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

**ഹെഡ്മിസ്ട്രസ്സ്**

ആസൂത്രണം ചെയ്ത പ്രവർത്തന പദ്ധതികളുടെ പുരോഗതി വിലിയിരുത്തുന്നു. Club പ്രവർത്തനങ്ങൾ Library, Lab തുടങ്ങിയവയെല്ലാം കൃത്യമായ ഇടവേളകളിൽ വിലയിരുത്തി വേണ്ട സഹായങ്ങൾ നൽകുന്നു. അധ്യാപകരും കുട്ടികളുമായ് വ്യക്തിപരമായ് ഇടപഴകുകയും ആരോഗ്യപരമായ നിർദ്ദശങ്ങൾ നൽകുകയും ചെയ്യുന്നു.

Councling, Motivation Class കൾ കുട്ടികൾക്കായ് ഒരുക്കുന്നു. സാമ്പത്തികമായ് ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തി സംഘടനകളുടെ പങ്കാളിത്തത്തോടെ അവരെ സഹായിക്കുന്നു.

**ടീച്ചേഴ്സ്**

ക്ലാസ്സിലെ ഓരോ വിദ്യാർത്ഥികളെയും വ്യക്തിപരമായ് അടുത്തറിയുകയും വീടുകൾ സന്ദർശിച്ച് കുടുംബപശ്ചാത്തലം മനസിലാക്കുകയും അതിനനുസരിച്ച് ആവശ്യമുള്ള സഹായങ്ങൾ നൽകുകയും ചെയ്യുന്നു.

ക്ലാസുകളിൽ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായ് Per learning, Saturday ക്ലാസ്സുകൾ ഡെയ്‌ലി ടൈംടേബിൾ അനുസരിച്ചുള്ള പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക, മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സ്പെഷ്യൽ കോച്ചിംഗ് ക്ലാസ്സുകൾ എന്നിവയ്ക്ക് മുന്നാക്കം നൽകുന്നു.

Stress relief exercise motivation ക്ലാസ്സുകൾ എന്നിവയിലൂടെ കുട്ടികളുടെ സമഗ്ര വ്യക്തിത്വ വികസനം സാധ്യമാക്കുകയും ചെയ്യുന്നു.

**സന്തോഷ വിദ്യാലയം**

വിദ്യാഭ്യാസ വകുപ്പ് പുതിയ അധ്യയന വർഷം (2024) നടപ്പിലാക്കുന്ന പദ്ധതിയാണ് സന്തോഷ വിദ്യാലയം. പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് കുട്ടികൾക്ക് ആഹ്ലാദമേകണം. കുട്ടികളുടെ ഏത് പ്രശ്നത്തിലും കൂടെയുണ്ടെന്ന കരുതൽ അവരിലുണ്ടാകണം. മാനസിക ആരോഗ്യ പ്രശ്നങ്ങൾ കുട്ടികളോട് ചോദിച്ചറിഞ്ഞ് പരിഹരിക്കണം. വീട്ടിലെ പ്രശ്നങ്ങൾ കുട്ടിയെ അലട്ടുന്നുണ്ടെങ്കിൽ അവർക്കും രക്ഷിതാക്കൾക്കും കൗൺസിലറുടെ സഹായ ലഭ്യമാക്കണം. പുറമെ ചിരിച്ച് ഉള്ളിൽ വിഷമിക്കുന്ന കുട്ടികളെ കണ്ടെത്താനും കൗൺസിലറുടെ സേവനം പ്രയോജനപ്പെടുത്തണം. ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കണം. കുട്ടികൾക്ക് അവർക്കിഷ്ടമുള്ള കളികളിൽ ഏർപ്പെടാൻ സൗകര്യം നൽകണം.

**ഉപസംഹാരം**

ആരോഗ്യകരമായ മനസുണ്ടെങ്കിലേ വിദ്യഅഭ്യസിക്കാൻ കുട്ടിക്ക് സാധിക്കൂ. കുട്ടികളെ ആരോഗ്യകരമായ മനസ്ഥിതിയിലേക്ക് വളർത്തി അവരിൽ രൂഢമൂലമായ സിദ്ധികളെ വളർത്തി കുടുംബത്തിനും സമൂഹനിർമ്മിതിക്കും പ്രയോജനപ്രദമായ നല്ല വ്യക്തിത്വങ്ങളെ വളർത്തിയെടുക്കുന്നു എന്നുള്ള വിദ്യാഭ്യാസ ദൗത്യം പൂർത്തീകരിക്കാൻ വിദ്യാലയ അധികൃതരും സമൂഹവും ഒത്തൊരുമിച്ച് പരിശ്രമിക്കുന്നു. അങ്ങനെ അവരുടെ സർവ്വതോൻമുഖമായ വളർച്ചക്ക് ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്ത് വളർച്ചയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്നു.

ഒരു വിദ്യാലയത്തിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ എന്നത് ആ വിദ്യാലയം അടുത്ത വർഷം ചെയ്യാൻ ഉദ്ദേശിക്കുന്ന അക്കാദമികപരമായ പ്രവർത്തനങ്ങളുടെ ആസൂത്രണ രൂപരേഖയാണ്. ഒരു വിദ്യാലയം അതിന്റെ പ്രവർത്തനരംഗത്ത് മികവുറ്റ നേട്ടങ്ങൾ കൈവരിക്കണമെങ്കിൽ തീർച്ചയായും അനുയോജ്യമായ ആസൂത്രണവും നടത്തിപ്പും കൂടിയേകഴിയൂ. ആസൂത്രണമില്ലാതെ നടത്തുന്ന കാര്യങ്ങൾക്ക് പരിപൂർണ്ണമായ വിജയത്തിലെത്തിച്ചേരുവാൻ കഴിയുകയില്ല. അതുകൊണ്ട് തന്നെ ഏതൊരു പദ്ധതിയും വിജയിക്കണമെങ്കിൽ മികവാർന്ന ആസൂത്രണം അനിവാര്യമാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ എന്നത് വിദ്യാലയത്തിൽ നടത്തുന്ന അക്കാദമിക പ്രവർത്തനങ്ങളുടെ ഒരു പൊതുവായ വിവരണമാണ്. ഒരു തരത്തിൽ വിദ്യാർത്ഥികളുടെ അക്കാദമിക നേട്ടത്തിന്റെ അടിസ്ഥാന രേഖയായി അക്കാദമിക മാസ്റ്റർ പ്ലാൻ മാറുകയാണ്. ഓരോ ക്ലാസിലും പഠിക്കുന്ന വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികളെ പരിഗണിച്ചുകൊണ്ട് എല്ലാവരെയും നേട്ടങ്ങളുടെ നെറുകയിലേക്ക് ആനയിക്കുവാൻ സാധിക്കുന്ന വിധത്തിലുള്ള ആസൂത്രണമാണ് അക്കാദമിക മാസറ്റർ പ്ലാനിൽ ഉണ്ടാകേണ്ടത്. എല്ലാവരെയും പരിഗണിക്കുന്ന, എല്ലാവർക്കും പങ്കാളിത്തമുള്ള പ്രവർത്തന പദ്ധതികൾ ആണ് അക്കാദമിക മാസറ്റർ പ്ലാനിൽ ഉണ്ടാകേണ്ടത്. പുസ്തക താളുകളിൽ അടങ്ങി ഒതുങ്ങി തീരേണ്ടതല്ല മാസ്റ്റർ പ്ലാനുകൾ. അത് പ്രവർത്തന പന്ഥാവിൽ എത്തുമ്പോഴാണ് ഫലപ്രദമാകുന്നത്. അതുകൊണ്ട് തന്നെ ആസൂത്രണം തങ്ങളുടെ ശക്തി ദൗർലഭ്യങ്ങളെ പരിഗണിച്ചുകൊണ്ടുവേണം നടത്തേണ്ടത്. ഇത്തരത്തിൽ ഞങ്ങളുടെ വിദ്യാലയത്തിന്റെ എല്ലാ പരിമിതികളെയും ശക്തികളെയും പരിഗണിച്ചുകൊണ്ട് അടുത്ത മൂന്ന് വർഷത്തിൽ നേടിയെടുക്കേണ്ട മികവാർന്ന പ്രവർത്തനങ്ങളെ നിശ്ചയിച്ചുകൊണ്ടും അതിനുവേണ്ടുന്ന വിധത്തിലുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാൻ സാധിക്കും എന്ന ചിന്തയെ അടിസ്ഥാനപ്പെടുത്തിയുമുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ ആണ് ഞങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. വിവിധ വിഷയടിസ്ഥാനത്തിലുള്ള ഗ്രൂപ്പുകൾ തിരിഞ്ഞ് കൂട്ടായ ചർച്ചകൾക്കും ചിന്തകൾക്കും ശേഷമാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. വിദ്യാലയത്തിന്റെ നേട്ടങ്ങളെ കൂടുതൽ ഉന്നതങ്ങളിലേക്ക് എത്തിക്കുവാൻ ഈയൊരു മാസ്റ്റർ പ്ലാനിന് കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

| SOCIAL SCIENCE | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതീകം | പിന്തുണ |
| നിരീക്ഷണ പാടവം വർദ്ധിപ്പിക്കൽ | ലൊക്കേഷൻ കണ്ടെത്തൽ, മോക്ക് പാർലമെന്റ് അവതരണം | 1 മാസം | - | Teachers & Parents |
| വിവരശേഖരണം | ചരിത്രവലോകനം | 1 മാസം | | Teachers & Parents |
| വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള കഴിവ്നേടൽ | വിശകലനം | 2 മാസം | Interent Magazines Reference Books | Teachers & Parents, Library Internet |
| ഭൂപടവായന | 2023-24 കാലയളവിൽ നടക്കുന്ന അന്താരാഷ്ട്ര കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന രാജ്യങ്ങൾ കണ്ടെത്തി പരിചയപ്പെടുന്നു. | 10 മാസം | ICT, School Grant | Teachers & Parents |